# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5273** **02-11-2021 - ൽ മറുപടിയ്ക്ക്**

## ഭാരത് സീരീസ് ഏകീകൃത രജിസ്ട്രേഷൻ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങൾക്കുള്ള ഏകീകൃത രജിസ്ട്രേഷൻ സംവിധാനമായ ഭാരത് സീരീസ് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർക്കും പൊതുമേഖലയിലെയും കുറഞ്ഞത് നാല്പ സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെയും ജീവനക്കാർക്ക് മാത്രമാണ് ഏകീകൃത 'BH' സിരീസ് രജിസ്ട്രേഷൻ ബാധകമായിട്ടുള്ളത്. വാഹന വിലയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ 8% മുതൽ 12% വരെയാണ് ഇത്തരം വാഹനങ്ങൾക്ക് നികുതി ഈടാക്കുന്നത്. കേരളത്തിൽ GST ഉൾപ്പടെ വാഹന വിലയുടെ 9% മുതൽ 21% വരെയാണ് നികുതി ഈടാക്കി വരുന്നത്. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന നിരക്ക് കേരളത്തിൽ നിലവിലിരിക്കുന്ന വാഹന നികുതി നിരക്കിനെക്കാൾ കുറവായതിനാൽ സർക്കാരിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകും എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത രജിസ്ട്രേഷൻ സംവിധാനം നിലവിൽ വന്നാൽ സംസ്ഥാനത്തിന്റെ നികുതിയിൽ കുറവുണ്ടാകുമെന്ന ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ? | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർക്കും പൊതുമേഖലയിലെയും കുറഞ്ഞത് നാല്പ സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെയും ജീവനക്കാർക്ക് മാത്രമാണ് ഏകീകൃത 'BH' സിരീസ് രജിസ്ട്രേഷൻ ബാധകമായിട്ടുള്ളത്. വാഹന വിലയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ 8% മുതൽ 12% വരെയാണ് ഇത്തരം വാഹനങ്ങൾക്ക് നികുതി ഈടാക്കുന്നത്. കേരളത്തിൽ GST ഉൾപ്പടെ വാഹന വിലയുടെ 9% മുതൽ 21% വരെയാണ് നികുതി ഈടാക്കി വരുന്നത്. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന നിരക്ക് കേരളത്തിൽ നിലവിലിരിക്കുന്ന വാഹന നികുതി നിരക്കിനെക്കാൾ കുറവായതിനാൽ സർക്കാരിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ |

| | | | |
|---|---|---|---|
| | | | കുറവ് ഉണ്ടാകും എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ